സംയുക്ത പത്രക്കുറിപ്പ്: 7-ാമത് ഇന്ത്യ-EU തന്ത്രപരമായ പങ്കാളിത്ത അവലോകന യോഗം

ഇന്ത്യയും യൂറോപ്യൻ യൂണിയനും 2026 നവംബർ 09 ന് ന്യൂഡൽഹിയിൽ 7-ാമത് ഇന്ത്യ-EU തന്ത്രപരമായ പങ്കാളിത്ത അവലോകന യോഗം (SPRM) നടത്തി. വിദേശകാര്യ മന്ത്രാലയത്തിന്റെ സെക്രട്ടറി (വെസ്റ്റ്) ശ്രീ. സിബി ജോർജ്ജും യൂറോപ്യൻ എക്സ്റ്റേണൽ ആക്ഷൻ സർവ്വീസിന്റെ ജിയോഇക്കണോമിക്സ് ആൻഡ് ഇന്റർഇൻസ്റ്റിറ്റ്യൂഷണൽ ഇഷ്യൂ ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ശ്രീ. മാറ്റി മാസികാസും യോഗത്തിന് സഹ-അധ്യക്ഷത വഹിച്ചു.

2. ഇന്ത്യ-EU ബന്ധത്തിലെ വളരെ അനുകൂലമായ മുന്നേറ്റത്തെ ഇരുപക്ഷവും സ്വാഗതം ചെയ്തു, 2026 ജനുവരി 27 ന് ന്യൂഡൽഹിയിൽ നടന്ന 16-ാമത് ഇന്ത്യ-EU ഉച്ചകോടിയിൽ അംഗീകരിച്ച സംയുക്തവും സമഗ്രവും തന്ത്രപരവുമായ അജണ്ട നടപ്പിലാക്കുന്നത് അവലോകനം ചെയ്തു.

3. ഇന്ത്യ-EU സ്വതന്ത്ര വ്യാപാര കരാർ സമയബന്ധിതമായി ഒപ്പിടുകയും നടപ്പിലാക്കുകയും ചെയ്യുന്നത് ഉൾപ്പെടെ വ്യാപാര, നിക്ഷേപ സഹകരണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ഇരുപക്ഷവും ചർച്ച ചെയ്തു, കൂടാതെ, നിക്ഷേപ സംരക്ഷണ കരാർ, ഭൂമിശാസ്ത്രപരമായ സൂചനകൾ സംബന്ധിച്ച കരാർ എന്നിവ അന്തിമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരാനും തീരുമാനിച്ചു. വ്യാപാര സാങ്കേതിക കൗൺസിൽ (TTC), ബ്ലൂ വാലീസ് സംരംഭം എന്നിവയിലെ തന്ത്രപരമായ ഇടപെടലുകൾ ഉൾപ്പെടെ വിതരണ ശൃംഖലകളും സാമ്പത്തിക സുരക്ഷയും ശക്തിപ്പെടുത്തുന്നതും ചർച്ചകളിൽ ഉൾപ്പെട്ടിരുന്നു.

4. ഹരിത പരിവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള പ്രതിബദ്ധത ഇരുപക്ഷവും പുതുക്കുകയും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ചെയ്തു, യൂറോപ്യൻ യൂണിയന്റെ കപ്പൽ റീസൈക്ലിംഗ് മാനദണ്ഡങ്ങൾ പാലിക്കുന്ന ഇന്ത്യയിലെ കപ്പൽ റീസൈക്ലിംഗ് യാർഡുകളെ അംഗീകൃത പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള സഹകരണം തുടരാനും ഇരുപക്ഷവും തീരുമാനിച്ചു.

5. നിർമ്മിതബുദ്ധി (AI), ക്വാണ്ടം ടെക്നോളജി, ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചർ (DPI), അഡ്വാൻസ്ഡ് സെമികണ്ടക്ടറുകൾ, ക്ലീൻ ടെക്, ബയോടെക്നോളജി എന്നിവ ഉൾപ്പെടെയുള്ള നിർണായകവും ഉയർന്നുവരുന്നതുമായ സാങ്കേതികവിദ്യകളിലെ സഹകരണം, അനുകൂലമായ ഡിജിറ്റൽ അന്തരീക്ഷം വികസിപ്പിക്കുന്നതിനും ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചർ (DPI) പ്രോത്സാഹിപ്പിക്കുന്നതിനും ഉള്ള ഇടപെടലുകൾ എന്നിവയെക്കുറിച്ച് ഇരുപക്ഷവും ചർച്ച ചെയ്തു. ഹൊറൈസൺ യൂറോപ്പുമായുള്ള ഇന്ത്യയുടെ സഹകരണ സാധ്യത ഉൾപ്പെടെ ഗവേഷണ രംഗത്തെ സഹകരണം കൂടുതൽ ആഴത്തിലാക്കുന്നതിൽ അവർ സംതൃപ്തി പ്രകടിപ്പിച്ചു.

6. ഗ്ലോബൽ ഗേറ്റ്വേ, ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് ഇക്കണോമിക് കോറിഡോർ (IMEC) എന്നിവയും ക്ലീൻ എനർജി, ക്ലൈമറ്റ് റെസിലിയൻസ്, ഗ്രീൻ മൊബിലിറ്റി, ഡിജിറ്റലൈസേഷൻ എന്നീ മേഖലകളിലെ ത്രികക്ഷി പദ്ധതികളും ഉൾപ്പെടെ കണക്റ്റിവിറ്റി പങ്കാളിത്തം ശക്തിപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം ഇരുപക്ഷവും അടിവരയിട്ടു. ഫലപ്രദമായ ആഗോള ഭരണക്രമം രൂപപ്പെടുത്തുന്നതിനുള്ള ഏകോപനവും സഹകരണവും വർദ്ധിപ്പിക്കാമെന്നും അവർ സമ്മതിച്ചു.

7. ടാലന്റ് മൊബിലിറ്റി, വിദ്യാഭ്യാസം, നൈപുണ്യ വികസനം എന്നിവയുൾപ്പെടെ ജനങ്ങൾ തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് ഇരുപക്ഷവും കാഴ്ചപ്പാടുകൾ കൈമാറി, യൂറോപ്യൻ ലീഗൽ ഗേറ്റ്വേ ഓഫീസ് സംബന്ധിച്ചുള്ള പുതിയ വിവരങ്ങളും അവർ അവലോകനം ചെയ്തു. ഇന്ത്യ-EU മനുഷ്യാവകാശ സംഭാഷണത്തിന്റെ അടുത്ത പതിപ്പിനായി അവർ ആകാംക്ഷയോടെ കാത്തിരിക്കുന്നതായും അറിയിച്ചു.

8. വിശ്വസനീയവും പ്രവചനാത്മകവും സമാന ചിന്താഗതിയുള്ളതുമായ പങ്കാളികൾ എന്ന നിലയിൽ, ഇന്ത്യ-EU തന്ത്രപരമായ പങ്കാളിത്തം ആഴത്തിലാക്കുന്നതിനും പരസ്പരം പ്രയോജനകരവും ദൃഢവും പരിവർത്തനപരവുമായ ഫലങ്ങൾ നൽകുന്നതിനുമുള്ള അവരുടെ പ്രതിബദ്ധത അവർ ആവർത്തിച്ചു. നേതാക്കളുടെ തലത്തിലുള്ള ഭാവി മീറ്റിംഗുകളുടെ തയ്യാറെടുപ്പുകൾ

അവലോകനം ചെയ്യാനുള്ള അവസരവും ഈ യോഗം നൽകി. അടുത്ത വർഷം പരസ്പരം സൗകര്യപ്രദമായ തീയതിയിൽ ബ്രസൽസിൽ അടുത്ത SPRM നടത്താൻ ധാരണയായി.

ന്യൂഡൽഹി

നവംബർ 09, 2026